പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 5633 | 02.07.2014- ൽ മറുപടിക്ക് |
|---|---|

**ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നത് തടയാൻ നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി. കെ. ബഷീർ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ഭക്ഷ്യവസ്തുക്കളിൽ പായ്ക്ക് ചെയ്ത ഭക്ഷ്യവസ്തുക്കളിൽ അടക്കം മായം ചേർത്ത് വിൽപ്പന നടത്തുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേർക്കെതിരെ /കമ്പനികൾക്കെതിരെ മായം ചേർക്കൽ നിരോധന നിയമപ്രകാരം കേസ്സെടുത്തിട്ടുണ്ട്; വിശദാംശം നൽകാമോ; | ബി) | 2006ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം സംസ്ഥാന വ്യാപകമായി ഇതിനകം 116 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| സി) | മായം ചേർക്കൽ തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇത് മോണിറ്റർ ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ? | സി) | സംസ്ഥാന വ്യാപകമായി സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധന കർശനമാക്കിയിട്ടുണ്ട്. സംസ്ഥാന വ്യാപകമായി ഈ വർഷം മാത്രം ഇതിനകം 1342 ഭക്ഷ്യവ്യാപാരസ്ഥാപനങ്ങൾ പരിശോധിക്കുകയും 346 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 14 സ്ഥാപനങ്ങൾ അടപ്പിച്ചിട്ടുള്ളതും 1,86,000 രൂപ പിഴയായി ഈടാക്കിയിട്ടുള്ളതുമാണ്. കൂടാതെ വെളിച്ചെണ്ണയിൽ വ്യാപകമായി മായം ചേർക്കുന്നുവെന്ന പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രധാനപ്പെട്ട എല്ലാ ചെക്ക് പോസ്റ്റുകളിലും പ്രത്യേക സ്ക്വാഡുകളെ നിയോഗിച്ച് വെളിച്ചെണ്ണയുമായി സംസ്ഥാനത്തേക്ക് വരുന്ന മുഴുവൻ ലോറികളിൽ നിന്നും സാമ്പിളുകൾ കർശനമായ പരിശോധനക്ക് വിധേയമാക്കി ഗുണനിലവാരം ഉറപ്പുവരുത്തിയശേഷം മാത്രമേ നിലവിൽ കടത്തിവിടുവാൻ അനുവാദം നൽകുന്നുള്ളൂ. |

**സെക്ഷൻ ഓഫീസർ**